**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - 2014-15 വർഷത്തിൽ സംസ്ഥാനത്തെ മികച്ച ജില്ലാ പഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ മികച്ച ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി തെരഞ്ഞെടുത്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.473/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 16.02.2018

=================================================================

പരാമർശം: 1. തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പിന്റെ 06.02.2016-ലെ 7/ഇപിബി1/2016/തസ്വഭവ നമ്പർ സർക്കുലർ

2. സ.ഉ.(സാധാ) നം.570/2016/തസ്വഭവ തീയതി 11.02.2016

3. പഞ്ചായത്ത് ഡയറക്ടറുടെ 16.02.2016-ലെ ഇ 2-10976/2013 നമ്പർ കത്ത്

**ഉത്തരവ്**

2014-15 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് സംസ്ഥാന തലത്തിൽ മികച്ച ഒന്നും രണ്ടും ജില്ലാ പഞ്ചായത്തുകളായി യഥാക്രമം എറണാകുളം, മലപ്പുറം ജില്ലാ പഞ്ചായത്തുകളെ പരാമർശം (2) പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഈ കാലയളവിൽ എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. കെ.കെ. അബ്ദുൾ റഷീദും. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. എ. അബ്ദുൾ ലത്തീഫും സേവനമനുഷ്ഠിച്ചിരുന്നതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2014-15 വർഷത്തിലെ മികച്ച ഒന്നും രണ്ടും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി യഥാക്രമം ശ്രീ. കെ.കെ. അബ്ദുൾ റഷീദിനെയും, ശ്രീ. എ. അബ്ദുൾ ലത്തീഫിനെയും തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2018-ലെ പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വച്ച് മെമന്റോയും സാക്ഷ്യപത്രവും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ.കെ. അബ്ദുൾ റഷീദ്, സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്
3. ശ്രീ. എ. അബ്ദുൾ ലത്തീഫ്, സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ